# ഇന്ത്യ : സ്വാതന്ത്ര്യം, ജനാധിപത്യം, രാഷ്ട്രീയ വിദ്യാഭ്യാസം

ജനങ്ങൾ പരമാധികാരികളായി കരുതുന്ന ഇപ്പോഴും താരതമ്യേന മെച്ചപ്പെട്ട ജനാധിപത്യം തുടരുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. എന്നാൽ ജനങ്ങൾക്ക് പരമാധികാരവും സമത്വവും നീതിയും സ്വാതന്ത്ര്യവും പുലരുന്ന ഒരു സ്ഥിതിയാണോ നമുക്കുള്ളത്. 1947 ലെ രാഷ്ട്രീയ സ്വാതന്ത്ര്യ കൈമാറ്റത്തിനുശേഷം ഇന്ത്യയുടെ വികാസവും പല മേഖലകളിലും ഉണ്ടായ പുരോഗതിയും നമുക്ക് ശരിവെയ്ക്കാം. എന്നാൽ ജനാധിപത്യത്തിന്റെയും പരമാധികാരത്തിന്റേയും സാമൂഹ്യ നീതിയുടെയും അടിസ്ഥാനത്തിൽ നമ്മുടെ രാഷ്ട്രീയ സംവിധാനങ്ങൾ-രാഷ്ട്രീയ പാർട്ടികൾ ഉദ്യോഗസ്ഥവൃന്ദം, കോടതികൾ, മാധ്യമങ്ങൾ, പൊതുസമൂഹം.... എല്ലാം കൂടുതൽ ജീർണ്ണിക്കുകയും തകരുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ജലം, വായു, മണ്ണ്, കൃഷി, അദ്ധ്വാനം, അന്തസ്സ് തുടങ്ങിയവ സംരക്ഷിക്കാൻ ഭരണകൂടം അപര്യാപ്തമാകുന്നു. നിസ്വരായ ജനങ്ങൾ നേരിട്ട് സമരത്തിന്, ഗതികേടുകൊണ്ട്, എടുത്ത് എറിയപ്പെടുന്നു. സർക്കാർ ചുമതലകൾ കൈയൊഴിയുന്നു. ബഹുരാഷ്ട്ര കുത്തകൾ തെരഞ്ഞെടുത്ത സർക്കാരിന് പകരം നില്ക്കാൻ, വർത്തമാനവും ഭാവിയും നിശ്ചയിക്കാൻ, മുന്നിട്ടിറങ്ങിയിരിക്കുന്നു. ലാഭത്തിനുവേണ്ടി എല്ലാം മാറ്റിമറിക്കുന്നു. ഭരണകൂടത്തിന്റെ ചുമതല ദല്ലാളിന്റെയോ കൂട്ടിക്കൊടുപ്പുകാരന്റേയോ ആയി മാറിയിരിക്കുന്നു. പുതിയ കോളനികൾ-പ്രത്യേക സാമ്പത്തിക മേഖലയടക്കം-ഉദയം ചെയ്യുന്നു. വിപണി നരകവും രാജാവുമാകുന്നു. ആവാസ വ്യവസ്ഥയും ജീവനോപാധിയും അസംഘടിതരായ സാധാരണ ജനങ്ങൾക്ക് കൈമോശം വരുന്നു. മൂലധനത്തിന്റെ താത്പര്യങ്ങൾ കൂടുതൽ ലാഭം എന്നതിൽ നിന്ന് ലാഭം മാത്രം എന്നതിലേക്ക് മാറുന്നു.

ഈ ദുസ്ഥിതിയിൽ സാമൂഹ്യ പ്രവർത്തകർക്ക് എന്തൊക്കെ ചെയ്യാം? ഭരണഘടനയുടെ ആമുഖത്തിൽനിന്നും തുടങ്ങി സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള നിസാർ അഹമ്മദിന്റെ അന്വേഷണ ചിന്തയിലൂടെ (''ജനാധികാരത്തിനായുള്ള രാഷ്ട്രീയ വിദ്യാഭ്യാസ''ത്തിലൂടെയും) കേരളീയം ഈ ലക്കം ഒരു തുടക്കമിടുന്നു. പ്ലാച്ചിമട, അതിരപ്പിള്ളി, മുരിയാട്, മൂന്നാർ പ്രശ്ന/സമരങ്ങളിലൂടെ ഇപ്പോൾ നേരിടുന്ന പ്രശ്നങ്ങളിലേക്കും സാധ്യതകളിലേക്കും ഒരന്വേഷണം. ഇത് സഫലമാക്കുന്നത് കൂടുതൽ സംവാദങ്ങളിലൂടെ വികസിക്കുന്ന പ്രവർത്തികൾക്കൂടിയായിരിക്കും.

പ്രതീക്ഷയോടെ,
**പത്രാധിപർ**